സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസ് പെൻഷനേഴ്സ് അസോസ്സിയേഷനും കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷനും സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 4915/24/Est-I　　　　നന്തൻകോട്, 12-11-2024

---

പരാമർശം :- (1) തിരുവിതാംകൂർ ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസ്സിയേഷൻ 15-04-2024 ൽ സമർപ്പിച്ച അപേക്ഷ.
(2) കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ 26-06-2024 ൽ സമർപ്പിച്ച അപേക്ഷ.
(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 08-08-2024, 22-08-2024 എന്നീ തീയതികളിലെ 514/14/ഇ-1 നമ്പർ റിമാർക്സുകൾ.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പെൻഷൻ സംഘടനകൾ സൂചന (1), (2) പ്രകാരം സമർപ്പിച്ചിരുന്ന ആവശ്യങ്ങൾ സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറിൽ നിന്നും സൂചന (3) പ്രകാരം അഭിപ്രായം ലഭിച്ചു.

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

പ്രസ്തുത തിരിച്ചറിയൽ കാർഡിൽ പേര്, ജനന തീയതി, സർവ്വീസിൽ നിന്നും വിരമിച്ച തീയതി, ബ്ലഡ് ഗ്രൂപ്പ്, പൂർണ്ണ മേൽവിലാസം, ഏതു തസ്തികയിൽ നിന്നും വിരമിച്ചു, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ഫാറത്തിന്റെ മാതൃക തയ്യാറാക്കി ആവശ്യാനുസരണം അച്ചടിപ്പിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ഏൽപ്പിക്കുന്നതിന് സാംസ്ക്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

ഐഡന്റിറ്റി കാർഡ് ആവശ്യമുളളവർ പ്രസ്തുത ഫാറം പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സർവ്വീസ് കാലയളവിൽ ലഭിച്ചിരുന്ന തിരിച്ചറിയൽ കാർഡ് ഉൾപ്പെടെ ദേവസ്വം അക്കൗണ്ട്സ് ആഫീസർ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

മേൽപ്രകാരം ലഭിക്കുന്ന ഐഡന്റിറ്റി കാർഡും ദേവസ്വം അക്കൗണ്ട്സ് ആഫീസർ സാക്ഷ്യപ്പെടുത്തിയ ഫാറവും ദേവസ്വം അക്കൗണ്ട്സ് ആഫീസർ ഐ.റ്റി. ഡിവിഷനെ ഏൽപ്പിക്കേണ്ടതാണ്.

(മറുപുറം)

ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് ഐ.റ്റി. ഡിവിഷനെ ചുമതലപ്പെടുത്തുന്നു. പെൻഷൻകാർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ നിറം ബ്രൗൺ ആയിരിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ഡയറക്ടർ, സാംസ്ക്കാരിക പുരാവസ്തു വിഭാഗം
4. തിരുവിതാംകൂർ ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസ്സിയേഷൻ
5. കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ
6. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
7. ബഹു: മെമ്പറുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
8. ഐ.റ്റി. ഡിവിഷൻ
9. ഇ.ഡി.പി. സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK